File No.SJD/942/2022-C1

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: അഞ്ജന.എം IAS )

ഉത്തരവ് നം. SJD/942/2022-C1 11/03/2022

വിഷയം: സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസ് - 2021-22 - തടവുകാരുടെ മക്കൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായം - സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, പൂജപ്പുര - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സ.ഉ.(സാധാ) നം. 323/2017/സാ.നീ.വ. തീയതി. 30/05/2017

2.സ.ഉ.(സാധാ) നം. 537/2021/സാ.നീ.വ. തീയതി. 05/08/2021

3.സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, പൂജപ്പുരയിൽ നിന്നുള്ള 1/02/2022 തീയതിയിലെ കത്ത്.

ജീവപര്യന്തമോ വധശിക്ഷയ്ക്കോ വിധിക്കപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ചവരുന്ന തടവുകാരുടെ മക്കൾക്ക് സംസ്ഥാനത്തിന് അകത്തുള്ള സർക്കാർ / എയ്ഡഡ് കോളേജുകളിൽ ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിനു വാർഷികഫീസും ഹോസ്റ്റൽ ഫീസും ഉൾപ്പെടെ 1 ലക്ഷം രൂപ ധന സഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനു പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു . ടി പദ്ധതി മുൻവർഷങ്ങളിൽ നടപ്പിലാക്കിയത് പോലെ 2021-22 സാമ്പത്തിക വർഷത്തിൽ തുടർന്നും നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ടും, ആയതിലേയ്ക്കായി 5 ലക്ഷം രൂപാ അനുവദിച്ചുകൊണ്ടും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

പ്രസ്തുത ഉത്തരവിൻറെ അടിസ്ഥാനത്തിൽ പൂജപ്പുര സെൻട്രൽ ജയിൽ & കറക്ഷണൽ ഹോമിൽ തടവുകാരനായ ആഷ്ലി സോമൻ, (സി നം.2662) ടിയാന്റെ മകൾ ഗാന്ധിനഗർ സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിൽ ഫിസിയോ തെറാപ്പി കോഴ്സിനു പഠിക്കുന്ന മോഹിതയ്ക്ക് ധനസഹായം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ജയിൽ സൂപ്രണ്ടിന്റെ ശുപാർശ സഹിതം പരാമർശം (3) പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിരിക്കുന്നു .അപേക്ഷ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു .

File No.SJD/942/2022-C1

| ക്രമ നം | തടവുകാരന്റെ പേര് | വിദ്യാർഥിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | course |
|---|---|---|---|---|
| 1 | ആഷ്ലി സോമൻ | മോഹിത. A | School of Medical Education, Centre for professional and Advanced Studies, Gandhinagar | ഫിസിയോ തെറാപ്പി |

ടി അപേക്ഷ പരിശോധിച്ചതിൽ പദ്ധതി മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നതിനാൽ **1,00,000/- രൂപ (ഒരു ലക്ഷം രൂപാ മാത്രം)** ധനസഹായം അനുവദിക്കാവുന്നതാണ് .

മേൽ വിവരിച്ച സാഹചര്യത്തിൽ, ജീവപര്യന്തമോ വധശിക്ഷയ്ക്കോ വിധിക്കപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം പൂജപ്പുര സെൻട്രൽ ജയിൽ & കറക്ഷണൽ ഹോമിലെ തടവുകാരനായ ആഷ്ലി സോമന്റെ മകൾ മോഹിത.A യ്ക്ക് വിദ്യഭ്യാസ ധനസഹായമായി **1 ലക്ഷം രൂപ** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ തുകയായ **1,00000/- രൂപ (ഒരു ലക്ഷം രൂപാ മാത്രം)** ചുവടെ പട്ടികയിൽ ചേർത്തിട്ടുള്ളത് പ്രകാരം സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഈ കാര്യാലയത്തിൽ നിന്നും ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.

**EDUCATIONAL ASSISTANCE (PROFESSIONAL COURSE) TO THE CHILDREN OF PRISONERS 2021-22, CENTRAL PRISON & CORRECTIONAL HOME, POOJAPPURA**

| Sl No. | Name & Addrress of Applicant | Name of Beneficiary | Class | Name of Bank & Branch | Bank Account Number | IFSC | Amount |
|---|---|---|---|---|---|---|---|
| 1 | Ashli Soman Kunnel veedu Kuzhimattam PO Panachikkadu,Kottayam | Mohitha.A | Physiotherapy | State Bank of India | 57011374530 | SBIN0070111 | 100000/- |
| | TOTAL | | | | | **1,00,000/-** | |
| | **(Rupees one lakh Only)** | | | | | | |

ഇതിലേയ്ക്കാവശ്യമായ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-106-93 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

<u>സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ</u>

<u>പകർപ്പ് :</u>

1. സൂപ്രണ്ട്,സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം,പൂജപ്പുര
2. സൂപ്രണ്ട്, എ/ബി/പ്ലാനിംഗ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ

File No.SJD/942/2022-C1

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്